പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1242 **15-10-2026-ൽ മറുപടിയ്ക്ക്**

ബേപ്പൂർ മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകൾക്കായി എൻ.എസ്.ക്യു.എഫ്. കോഴ്സുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ എൻ.എസ്.ക്യു.എഫ്. പ്രകാരമുള്ള സ്കിൽ കോഴ്സുകൾ, വൊക്കേഷണൽ കോഴ്സുകൾ എന്നിവ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ഉണ്ട്. ബേപ്പൂർ നിയോജക മണ്ഡലത്തിലെ രണ്ട് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ എൻ.എസ്.ക്യു.എഫ്. (NSQF) അലൈൻ ചെയ്ത സ്കിൽ & വൊക്കേഷണൽ കോഴ്സുകൾ നടപ്പിലാക്കി വരുന്നുണ്ട്.

1. GRFTHS AND VHSS BEYPORE - Ornamental Fish Farmer, Fish and Seafood Junior Processor

2. GGVHSS Feroke - Lab Technician-Pharma, Biologics & Medical Devices: Wet Lab, Dairy Product Processor

(ബി) പുതിയ കോഴ്സുകൾ നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: തൊഴിൽ വിപണിയിലെ മാറ്റങ്ങളും പ്രാദേശിക തൊഴിലവസരങ്ങളും കണക്കിലെടുത്ത്, നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) പ്രകാരം കാലോചിതമായ പുതിയ സ്കിൽ/വൊക്കേഷണൽ കോഴ്സുകൾ അനുവദിച്ചു വരുന്നുണ്ട്.

(സി) ചാലിയാർ തീരത്തെ വിദ്യാർത്ഥികൾക്ക് ലോജിസ്റ്റിക്, ടൂറിസം മേഖലകളിൽ പ്രായോഗിക പരിശീലനം നല്കുവാൻ പദ്ധതി നടപ്പിലാക്കുമോ?

മറുപടി: ചാലിയാർ തീരപ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരവും വാണിജ്യപരവുമായ സാധ്യതകൾ കണക്കിലെടുത്ത്, ലോജിസ്റ്റിക്സ് (Logistics), ടൂറിസം (Tourism) എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് ആധുനിക നൈപുണ്യ പ്രായോഗിക പരിശീലനം നൽകുന്ന കാര്യം പരിശോധിക്കും.

സെക്ഷൻ ഓഫീസർ